# ST THOMAS L P SCHOOL

**KILIYANTHARA**

# ACADEMIC MASTER PLAN

# ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ വളർന്നത് ജനകീയ കൂട്ടായ്മയിലൂടെയും പങ്കാളിത്തത്തിലും കൂടെയാണ്. നമ്മുടെ നാടിന്റെ നന്മയെന്ന് അംഗീകരിക്കപ്പെട്ട മതനിരപേക്ഷ നിലപാടും മനോഭാവും സാധിച്ചെടുത്തതും കൂട്ടായി പ്രവർത്തിക്കാനുള്ള മനോഭാവും വികസിച്ചു വരുന്നത് പൊതുവിദ്യാലയങ്ങളിലൂടെയാണ്. ഇന്ന് വിദ്യാഭ്യാസ രംഗത്ത് നാം നേരിടുന്ന വെല്ലുവിളികൾ മറികടക്കാൻ സമഗ്രമായ കാഴ്ചപ്പാടും പ്രവർത്തന പദ്ധതികളും ആവശ്യമായി വന്നു. ഇതിലേക്കുള്ള സാധുതന്ന കൂട്ടായ്മയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിനനുസരണമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള കൂട്ടായ അന്വേഷണമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിഭാവനം ചെയ്യുന്നത്. ഇതിന്റെ ഭാഗമായി ഓരോ വിദ്യാലയവും ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനാവശ്യമായ അക്കാദമിക പദ്ധതി തയ്യാറാക്കണം.

## ലക്ഷ്യങ്ങൾ

ഓരോ വിദ്യാലയവും അതിലെത്തുന്ന മുഴുവൻ കുട്ടികൾക്കും ലഭ്യമാം ആശ്രയിക്കുന്ന സേവനം പ്രദാനം ചെയ്യുന്നതിന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം അതാണ് നമ്മുടെ ലക്ഷ്യം. വിദ്യാലയ വികസന പദ്ധതികൾ ഈ പശ്ചാത്തലത്തിലാണ് പ്രസക്തമാകുന്നത്.

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാ, കായിക പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ എന്നിവ എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്യമാക്കുകയും പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു
- സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയ

ത്തിലെ വിഭവങ്ങൾ (ഭൗതികോപകരണങ്ങൾ, ഉദ്യാനം, മൈതാനം) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികൾക്കൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാകുന്ന

- ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടവരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
- പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- സ്കൂൾ വായനശാലകൾ ആധുനിക വൽക്കരിക്കുക.

# ഹ്രസ്വകാല ലക്ഷ്യങ്ങൾ

- സ്കൂളിലെ മുഴുവൻ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പിലാക്കുന്നു.
- എല്ലാ കുട്ടികളും തനതായ വ്യക്തിത്വത്തോടെ വളരുന്നു.
- ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ പ്രാവീണ്യം നേടുന്നു.
- ആനുകാലികകൾ സ്വന്തമാക്കുന്നു.
- ഭാഷ, ഗണിതം, പരിസരപഠനം എന്നിവയിൽ കരിക്കുലം വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ ആർജ്ജിക്കുന്നു.
- കുട്ടികളുടെ സർഗ്ഗാത്മകത വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നു.

# മധ്യകാല ലക്ഷ്യങ്ങൾ

- ജൈവ പച്ചക്കറിത്തോട്ടം
- കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ
- കുട്ടികളുടെ പാർക്ക്
- പൂന്തോട്ടം
- സ്മാർട്ട് ക്ലാസ്സ്മുറി
- സൈക്കിൾ പരിശീലനം
- ഔഷധത്തോട്ടം.

## അക്കാദമിക മാസ്റ്റർ പ്ലാൻ പ്രവർത്തന ലക്ഷ്യങ്ങൾ

### ഭാഷ

- ഓരോ കുട്ടിക്കും സന്ദർഭാനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ ഫലപ്രദമായും പറയാനും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- എല്ലാ കുട്ടികൾക്കും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്ര്യമായ ലേഖനത്തിലേക്ക് എഴുതുകയും വ്യക്തിഗതസൃഷ്ടികൾ തയ്യാറാക്കലും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക.
- കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ടുള്ള വായനാസാമഗ്രികളുടെ ശേഖരണവും നിർമ്മാണവും.

### പ്രവർത്തനങ്ങൾ

പഠനപ്രവർത്തനത്തിന്റെ ഭാഗമായി ക്ലാസ്മുറികളിൽ നടക്കേണ്ട ഭാഷാപ്രവർത്തനങ്ങൾ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി നടത്തൽ. ഇതിനായി ഓരോ യൂണിറ്റിലെയും സർഗ്ഗാത്

ഏക രചനാ സാധ്യതകൾ എന്താണ് ക്ലാസ്സിലെ അധ്യാപകർ ലിസ്റ്റ് ചെയ്യൽ. ക്ലാസ്സ്‌റൂമുകളിൽ പ്രാവർത്തികമാക്കൽ, രചനകൾ ചേർത്ത് പതിപ്പാക്കൽ, തുടർപ്രവർത്തനങ്ങൾ നൽകൽ.

ചുമതല

SRG, PTA, സഹാധ്യാപകർ HM-ന്റെ നേതൃത്വത്തിൽ മോണിറ്ററിംഗ് സമിതി.

സാമ്പത്തികം: ക്ലാസ്സ് തല പതിപ്പുകൾക്കുള്ള ചെലവ്.

സർഗ്ഗവേളകൾ, ബാലസഭകൾ ശക്തിപ്പെടുത്തൽ

പ്രവർത്തനങ്ങൾ

- രചനകളുടെ അവതരണം, മികവുകൾ, പോരായ്മകൾ വിലയിരുത്തി ചർച്ച.
- ചർച്ചകളുടെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ വരുത്താൻ രക്ഷിതാവിന് അവസരം ഒരുക്കൽ.
- സർഗവേള | ബാലസഭ അജണ്ട മുൻകൂട്ടി നിശ്ചയിച്ച് പ്രസിദ്ധീകരിക്കൽ.
- സർഗ്ഗവേള | ബാലസഭ നടത്തിപ്പു ചുമതല പങ്കുവച്ചും കുട്ടികൾക്കു നൽകൽ.

ചുമതല

- വിദ്യാരംഗം കോ-ഓർഡിനേറ്റർ
- ക്ലാസ്സ് അധ്യാപകർ
- രക്ഷിതാക്കളുടെ പ്രതിനിധികൾ.

## വായനാശാക്തീകരണവും ക്ലാസ് ലൈബ്രറിയും

ലക്ഷ്യങ്ങൾ

- എല്ലാകുട്ടികളും അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചും നിലവാരമനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പു വരുത്തും.
- സ്കൂൾ പഠനം പൂർത്തിയാകുമ്പോഴേക്കും മുഴുവൻ കുട്ടികളും ഫലപ്രദമായ ആശയവിനിമയത്തിനുതകുന്ന വിധം ഭാഷയിലെ വിവിധ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിനു പ്രാപ്തരാക്കൽ.
- എല്ലാ കുട്ടികൾക്കും വായനയും എഴുത്തും ഉറപ്പു
- വായന പരിപോഷിപ്പിക്കുന്നതിന് വിവിധങ്ങളായ അവസരങ്ങളൊരുക്കൽ.

പ്രവർത്തനങ്ങൾ

- ലഭ്യമായ പുസ്തകങ്ങളുടെ ഇനം തിരിച്ച് ക്രോഡീകരിക്കുന്നു. ഓരോ ക്ലാസിനും ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ.

സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കും.

- ക്ലാസ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തും.
- ഒരു കുട്ടിക്ക് ഒരു പുസ്തകം പദ്ധതി നടപ്പി

ളാക്കും.

- വായന പ്രോത്സാഹിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങളൊരുക്കും.
- സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കും.
- രക്ഷിതാക്കളുടെ വായനാ പരിപോഷണത്തിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കും.

<u>പുസ്തക വിതരണത്തിനുള്ള സൗകര്യമൊരുക്കുന്നു.</u>

- ഓരോ ക്ലാസ്സിൽ നിന്നും ക്ലാസ്സ് ടീച്ചറുടെ നേതൃത്വത്തിൽ ഒരു കുട്ടിയെ ലൈബ്രേറിയനാക്കുന്നു.
- ചെയ്യേണ്ട പ്രവർത്തന രീതികളെക്കുറിച്ച് പൊതുവായി കുട്ടികൾക്ക് പരിശീലനം നൽകുന്നു. ഓരോ ക്ലാസ്സിനും വിതരണ രജിസ്റ്റർ തയ്യാറാക്കുന്നു.

<u>- പുസ്തക വിതരണം ആഴ്ചയിലൊരിക്കൽ</u>

- ആഴ്ചയിലൊരിക്കൽ പുസ്തക വിതരണം നടത്തുന്നു.
- പുസ്തക വിതരണ രജിസ്റ്റർ തയ്യാറാക്കൽ
- പുസ്തകങ്ങൾ ലിസ്റ്റ് ചെയ്യൽ
- Birthday പുസ്തക ശേഖരണം.

## പുസ്തക ചർച്ച

പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടൽ, സന്ദർഭം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ കാണിക്കൽ.

## വായനക്കൂട്ടം രൂപീകരിക്കൽ

കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. പുസ്തക വിതരണം, ചർച്ച വായനക്കുറിപ്പ് തയ്യാറാക്കൽ, അവതരണം

## ക്ലാസ് ലൈബ്രറി രൂപീകരിക്കൽ

ഓരോ ക്ലാസിനും ഒരു ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു. രക്ഷിതാക്കളുടെ പിന്തുണ തേടുന്നു.

## പത്ര വായന

ക്ലാസുകളിൽ പത്രം ലഭ്യമാക്കൽ, വാർത്ത തയ്യാറാക്കൽ അവതരണം.

## വായനാ സാമഗ്രികൾ ഒരുക്കൽ

1 മുതൽ 4 വരെ ക്ലാസുകളിലെ ഭാഷാ പഠനത്തിന്റെ ഭാഗമായി വായനാ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കൽ ശേഖരിക്കൽ.

- വായനാ കാർഡുകൾ തയ്യാറാക്കൽ
- വായനാ മൂല മെച്ചപ്പെടുത്തൽ
- ബാലമാസികകൾ, കളിക്കുടുക്ക എന്നിവ വാങ്ങൽ.

**ചുമതല:**

ക്ലാസ് ടീച്ചർ,
ലൈബ്രറി ചുമതലയുള്ള ടീച്ചർ.

# ഗണിതം

## ലക്ഷ്യങ്ങൾ

- 100 വരെയുള്ള സംഖ്യാബോധം ഉറപ്പിക്കുന്നു.
- ഗണിതം ആസ്വദിക്കാൻ കുട്ടിയെ പ്രാപ്തനാക്കുന്നു.
- ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റ് വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിത ശേഷികൾ നേടൽ.
- കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിന് കുട്ടിയെ പ്രാപ്തമാക്കൽ.
- ഗണിതകേളികൾ ലളിതവും ആസ്വാദ്യകരവുമാക്കൽ

## പ്രവർത്തനങ്ങൾ

- ഗണിതകഥ, പാട്ട്
- കണക്കിലെ കളികൾ
- ഗണിത രൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ
- വ്യത്യസ്തമായ അളവുകൾ പരിചയപ്പെടൽ
- ഭാരം, നീളം, ഉള്ളളവ്, എന്നിവ പരിചയപ്പെടൽ
- പഠനോപകരണ നിർമ്മാണം
- ചിത്ര പാറ്റേണുകൾ, ടാൻഗ്രാം എന്നിവ പരിചയ

പ്പെടൽ.

- കറൻസി പരിചയപ്പെടൽ
- നിർമ്മാണപ്രവർത്തനങ്ങളിൽ അളവിന്റെ പ്രാധാന്യം തിരിച്ചറിയാൻ അളന്ന് വയ്ക്കുന്ന പ്രവർത്തനങ്ങൾ

## ഗണിതം മധുരം

- 1 മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ സംഖ്യാബോധം വർദ്ധിപ്പിക്കുന്നതിനും ഗണിതപഠനം രസകരമാക്കുന്നതിനും.
- എല്ലാ ക്ലാസ്സിലെ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പിക്കൽ
- ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയൽ.
- വിവിധ അളവുകളെക്കുറിച്ചുള്ള ധാരണ കുട്ടികളിൽ ഉറപ്പിക്കുന്നതിന്.

## പ്രവർത്തനങ്ങൾ

ഗണിതമൂല രൂപീകരിക്കൽ.

ഗണിതപരമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകങ്ങൾ, ചാർട്ടുകൾ, രൂപങ്ങൾ, അളവുപാത്രങ്ങൾ, മീറ്റർ സ്കെയിൽ, ത്രാസ്, ഗണിതകിറ്റ് എന്നിവ ഉൾപ്പെടുത്തി ക്ലാസ്സിൽ ഗണിതമൂല സജ്ജീകരിക്കൽ.

## ഗണിത ക്ലബ്ബ് രൂപീകരണം.

എല്ലാ കുട്ടികളുടെയും അംഗത്വം ഉറപ്പാക്കിക്കൊണ്ട് ഗണിത ക്ലബ്ബ് രൂപീകരണം. പ്രവർത്തനങ്ങൾ ആഴ്ചയിലൊരിക്കൽ വിലയിരുത്തുന്നു.

## ഗണിതമേള സംഘടിപ്പിക്കൽ.

കുട്ടികൾ തയ്യാറാക്കിയ പസ്സിൽസ്, ഒറിഗാമി പഠനോപകരണങ്ങൾ, രൂപങ്ങളുടെ മാതൃകകൾ, ഗണിത ചാർട്ടുകൾ പ്രദർശിപ്പിച്ചു കൊണ്ടുള്ള ഗണിതമേള . P.T.A. യുടെ സഹായത്തോടെ സംഘടിപ്പിക്കുന്നു.

## ഉല്ലാസ ഗണിതം, ഗണിതവിജയം പ്രവർത്തനങ്ങൾ.

ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ഉല്ലാസ ഗണിതം, മൂന്ന്, നാല് ക്ലാസ്സുകളിൽ ഗണിതവിജയം എന്നി പ്രവർത്തനങ്ങൾ നടത്തുന്നു. ഗണിതപഠനം കളികളിൽ എളുപ്പമാക്കുന്നു (വെല്ലുവിളി ഉയർത്തുന്നവരിൽ) ഗണിതത്തിൽ അവഗാഹം നേടാൻ പ്രവർത്തനങ്ങൾ നൽകുന്നു.

## ദിനാചരണങ്ങൾ

ഗണിതവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തുന്നു. ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ, ഗണിത ക്വിസ് എന്നി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

## ഗണിത കേളികൾ

1 മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള ഗണിത കേളി സംഘടിപ്പിക്കുന്നു. (മാന്ത്രിക ചതുരം കുസൃതികണക്കുകൾ ഭാഗിക്കാം etc)

# ശാസ്ത്രം

## ലക്ഷ്യം

- പരിസ്ഥിതി സൗഹാർദ്ദമനോഭാവം വളർത്തിയെടുക്കുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക
- കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.
- ശാസ്ത്ര വിഷയങ്ങളിൽ താൽപര്യവും അഭിരുചിയും വളർത്തുക.
- എല്ലാ ക്ലാസ്സിലും ശാസ്ത്രമേകല ഒരുക്കൽ

## പ്രവർത്തനങ്ങൾ

### പ്രകൃതി നടത്തം

- ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.
- പ്രത്യേകതകൾ മനസ്സിലാക്കാം.
- വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം.
- നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണപ്രശ്നം തിരിച്ചറിയാം. സ്വയം തിരുത്താം. (ഫീൽഡ് ട്രിപ്പ്)

### പച്ചക്കറിത്തോട്ടം ഒരുക്കാം

- സ്കൂളിൽ പച്ചക്കറിത്തോട്ടം ഒരുക്കൽ പരിപാലിക്കൽ
- വീട്ടിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കൽ.

ഒരു തൈ നടാം

- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ
- നട്ട വൃക്ഷത്തൈ പരിപാലിക്കൽ
- വീട്ടിലൊരു ഫലവൃക്ഷത്തൈ പദ്ധതി.
- പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ

ദിനകൃത്യങ്ങൾ

- കുട്ടികളിൽ വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയെ പറ്റി ബോധവൽക്കരണം.
- ക്ലാസ്സ് തലത്തിൽ ശുചിത്വ ഗാനം.
- നല്ല ശീലങ്ങൾ പോസ്റ്റർ നിർമ്മാണം.

പരിസര നടത്തം

- നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - ചർച്ച: സർവ്വേ.
- മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ.

ജൈവ പച്ചക്കറിത്തോട്ടം

- വിഷരഹിത പച്ചക്കറി സ്കൂളിലും വീട്ടിലും കൃഷി ചെയ്യുക.
- ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.
- പച്ചക്കറി കൃഷിയുടെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുക.
- കൃഷിയോട് ആഭിമുഖ്യം ഉണ്ടാവുക.
- വിവിധയിനം പച്ചക്കറികൾ നടൽ.
- ചെടിയുടെ വളർച്ച നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കൽ.
- വീട്ടിലൊരു പച്ചക്കറികൃഷി

ശാസ്ത്ര പഠനോപകരണങ്ങളുടെ പ്രദർശനം

കുട്ടികൾ നിർമ്മിച്ച വിവിധ ശാസ്ത്ര പഠനോപകരണങ്ങൾ, രക്ഷിതാക്കൾ, ജനപ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സാന്നിധ്യത്തിൽ പ്രദർശനം.

പരീക്ഷണങ്ങൾ

1 മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട ചെറു പരീക്ഷണങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചെയ്ത് പരിശീലിക്കുന്നു.

പരിസര നടത്തം

കുട്ടികൾ കണ്ടെത്തിയ കാര്യങ്ങൾ നിരീക്ഷിക്കുന്നു. പട്ടികപ്പെടുത്തുന്നു. തരം തിരിക്കുന്നു. വർഗ്ഗീകരിക്കുന്നു. അപഗ്രഥിക്കുന്നു. നിഗമനത്തിൽ എത്തിച്ചേരുന്നു.

ഫീൽഡ് ട്രിപ്പ്

പൊതു സ്ഥാപനങ്ങൾ, പുഴ, വയൽ, ഗ്രന്ഥശാല എന്നിവിടങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് നടത്തുന്നു. ഇവ സന്ദർശിച്ച് പഠനക്കുറിപ്പുകൾ തയ്യാറാക്കുന്നു.

ശാസ്ത്രമൂല ഒരുക്കൽ

PTA യോഗത്തിൽ ശാസ്ത്രമൂലയെ സംബന്ധിച്ച അവതരണം. ഓരോ ക്ലാസ്സിലും ശാസ്ത്ര മൂല ഒരുക്കൽ, ഇതിലേക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങൽ. ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ, ഇവയെ ശേഖരിക്കേണ്ടവ, നിർമ്മിക്കേണ്ടവ, വാങ്ങേണ്ടവ എന്നിങ്ങനെ തരം തിരിക്കുന്നു.

# English

**Aim:**

To speak, Read and write English with out any mistakes.

Time - June to march

Pretest.

To check the vocabulary and writing skills of pupils.

- To develop listening skills and reading skills.

## Listening skills

- Games
- Action song Hello English activities
- Conversation
- Skit
- Stories.

## Speaking skills

- Identify the naming words from the picture.
- Identify the action words from the pictures.
- make simple sentences using the action word and naming words about the picture.
- make ~~symbol~~ of simple description about the picture.
- Growing Sentences, picture reading, self introduction, Assembly are also conducted

## Activities

- speech, books review, quiz, riddles, self introduction
- Develop the creative speaking and writing.

## Reading skills - october to november

- Newspaper reading, library books reading, book review reading.
- conversation, skit, stories use ICT materials
- Reads breaking news
- Develop stories
- Read notice.
- Reads diary

## Writing skills

- Description
- Notice proclamation
- Thought
- Make word web
- picture description with describing words
- make riddles, conversation.
- Add more lines

Activities : speech, quiz, riddles, make magazines skit etc.

December and January

- Develop creative speaking and writing.
- To express thoughts feelings etc.

Reading skill

- News paper reading, Library books reading
  book review reading.
- conversation, skit, stories
- Develop stories
- Reads diary
- Reads Letters

Writing skill.

- Diary
- Letter
- Announcement.

Activities

- speech,
- quiz, riddles,
- skits,
- make magazines
- class room post office.

February and March

To improve the presentation power.

Reading skill

- news paper reading, Library books reading,
- reading cards, sentences cards reading.
- Flash cards reading.
- Reads breaking news
- develop story
- Read diary

Writting skills

- Announcement
- description
- making notice,
- Thought.

Activities - speech, skit, picture description, makes magazines, exibitions etc.

# IT

- ആഴ്ചയിൽ 2 ദിവസം ഉച്ചയ്ക്ക് കുട്ടികൾക്കായി ഐ.ടി. പരിശീലനം.
- കളിപ്പെട്ടി പുസ്തകം അടിസ്ഥാനമാക്കിയുള്ള Paint പരിശീലനം നൽകുന്നു.
- E-Cube പരിപാടി ഇതോടൊപ്പം ആരംഭിക്കുന്നു.

# ഭൗതികം

## ലക്ഷ്യം

- ആരോഗ്യപരവും ആകർഷകവുമായ ഭൗതിക അന്തരീക്ഷം
- ഭൗതികാന്തരീക്ഷം സുരക്ഷിതവും സുന്ദരവുമായിരിക്കുക
- ഭൗതികാന്തരീക്ഷം ആരോഗ്യകരവും ശുചിത്വ പൂർണ്ണവുമായിരിക്കുക.

## പ്രവർത്തനങ്ങൾ

- എന്റെ വിദ്യാലയം എന്റെ വീട്. സ്കൂളിൽ പൂന്തോട്ട നിർമ്മാണം, പരിപാലനം.
- ഫുട്ബോൾ പരിശീലനം

- ഡാൻസ് ക്ലാസ്
- ഷട്ടിൽ ബാറ്റ് പരിശീലനം
- യോഗ പരിശീലനം ആഴ്ചയിലൊരിക്കൽ
- കുട്ടികളുടെ പാർക്ക്.
- സ്കൂൾ അധ്യാപകരുടെ P.T.A. യുടെ സഹകരണ ത്തോടെ നടപ്പിലാക്കൽ
- അധ്യാപകരുടെ ഭവനസന്ദർശനം.
- മാസത്തിലൊരിക്കൽ പി.ടി.എ/CPTA.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠന സാമഗ്രികൾ/ വാഹനകൂലി/ യൂണിഫോം എ ന്നിവയുമായി ബന്ധപ്പെട്ട് ധനസഹായം നൽകൽ.

## പ്രത്യേക പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ

### അക്കാദമികം

കോവിഡ് കാരണം പഠനവിടവ് സംഭവിച്ചതിനാൽ ചില വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്നവരെ ക്ലാസടിസ്ഥാനത്തിൽ പ്രത്യേക പരീക്ഷയിലൂടെ കണ്ടെത്തുന്നു.

- പേരുകൾ പട്ടികപ്പെടുത്തുന്നു.
- പ്രത്യേക സമയ പരിധിവച്ച് പരിശീലനം നൽകുന്നു

| Sl. No | പേര് | ക്ലാസ് | പിന്നാക്ക വിഷയങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | നടപ്പിലാക്കിയ സമയം | Remarks |
|---|---|---|---|---|---|---|
| | | | | | | |

## പ്രതിദിന അസംബ്ലി

അസംബ്ലിയിൽ എല്ലാ കുട്ടികളും പത്രവാർത്ത വായന കാർഡ് വായന നടത്തുന്നു വായനയിൽ മികച്ച വായന കാഴ്ച വെക്കുന്നവർക്ക് വായന കാർഡ് തലേദിവസം കൊടുത്തു വിടുന്നു. Best News Reader of the week അവാർഡ് നൽകുന്നു.

## A Day A word

ക്ലാസ്സടിസ്ഥാനത്തിൽ English-ന്റെ ഒരു വാക്ക് - അർത്ഥം എന്നിവ class group-ൽ നൽകുന്നു. പിറ്റേദിവസം ചോദിക്കുന്നു. (3 months) തുടർന്ന് a day a sentence എന്നതിലേക്ക് മാറുന്നു.

## Weekly Quiz

എല്ലാ ആഴ്ചയിലും ആ ആഴ്ചയുമായി ബന്ധപ്പെട്ട വിഷയങ്ങൾ/ദിനങ്ങൾ എന്നിവയുടെ 25/30 ചോദ്യങ്ങൾ എല്ലാ ക്ലാസ്സിലും നൽകുന്നു. Quiz നടത്തുന്നു. വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു

- ബാലസഭ - ആഴ്ചയിൽ ഒരു ദിവസം.

## ഉപസംഹാരം

ഓരോ വിദ്യാലയത്തിലും അധ്യാപകർ, പി.ടി.എ, ജനപ്രതിനിധികൾ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ മികവ് ഉയർത്താൻ ആവശ്യമായ പദ്ധതികൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

പൊതു വിദ്യാലയത്തിലെ കുട്ടികൾക്ക് പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ച അറിവുകളും നൈപുണികളും കൈവരിക്കുന്നതിനാവശ്യമായ സാധ്യതകൾ അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ ലഭിക്കണം. ക്ലാസ്സിനകത്ത് മാത്രമല്ല പഠനം നടക്കുന്നത്. പഠനബോധന പ്രവർത്തനത്തിലൂടെ കുട്ടികൾ നേടുന്ന അറിവും കഴിവും വ്യത്യസ്ത ജീവിത സന്ദർഭങ്ങളിൽ പ്രയോഗിച്ച് നോക്കാനും പഠന പ്രവർത്തനത്തിൽ വിഷയ ബന്ധിതമായ അറിവുകളെ സമഗ്രമായി പ്രയോജനപ്പെടുത്താനും പൊതു വിദ്യാഭ്യാസ

ത്തിലൂടെ കുട്ടികൾക്ക് സാധിക്കും. 1 മുതൽ 4 വരെ ക്ലാസുകളിൽ ഭാഷ, ഗണിതം, പരിസരപഠനം എന്നിവയെ അറിവും കഴിവും പ്രയോജനപ്പെടുത്തി സാമൂഹിക സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ കുട്ടികളെ സഹായിക്കുന്ന നിത്യജീവിത സന്ദർഭങ്ങളെ മുൻനിർത്തിയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്